കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

ജില്ലാഓഡിറ്റ് കാര്യാലയം, എറണാകുളം

e-mail: lfadekm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം .കെ.എസ്.എ.- ഇ.കെ.എം. (പി 14 ) 237/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്.
തീയതി: 12.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.- ഇകെ.എം. (പി 14 ) 237/2020 തിയ്യതി: 12.03.2020

<u>എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ</u>

<u>2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ളഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019മുതൽ 31.01.2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ്.കെ.കെ. | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.02.2020മുതൽ 29.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുധ ജേക്കബ്ബ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അജിമോൻ.പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷിബു പൗലോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യോഗേഷ്.ആർ | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.പി.കെ.മൊയ്തു | 01.04.2018 മുതൽ |

| | | | | |
|---|---|---|---|---|
| | | | | 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | : | | ശ്രീമതി.നിസാമോൾ സിദ്ധിക്ക് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | | ശ്രീ.ഷംസുദ്ദീൻ മക്കാർ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | | ശ്രീമതി.ആമിന ഹസ്സൻകുഞ്ഞ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | | ശ്രീ.എം.എം.ഷംസുദ്ദീൻ | 01.04.2018 മുതൽ 31.03.2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | | | |
| ഉദ്യോഗപ്പേര് | | | | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | | | ശ്രീമതി.ലാലു.ഇ.ബി. | 01.04.2018 മുതൽ 12.03.2019 വരെ |
| | | | ശ്രീ.റിഫിൻ കെ ജോൺ | 13.03.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | | ശ്രീ.കാർത്തികേയൻ.സി. | 01.04.2018 മുതൽ 20.06.2018 വരെ |
| | | | ഒഴിവ് | 21.06.2018മുതൽ 24.06.2018 വരെ |
| | | | ശ്രീമതി.പ്രീത വി പ്രഭു | 25.06.2018മുതൽ 09.10.2018 വരെ |
| | | | ഒഴിവ് | 10.10.2018 മുതൽ 16.10.2018 വരെ |
| | | | ശ്രീ.പി.എൻ.രാജു | 17.10.2018മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | | ശ്രീമതി.ഡീന എബ്രഹാം | 01.04.2018 മുതൽ 15.05.2018 വരെ |
| | | | ശ്രീമതി.സൂസൻ ലി തോമസ് | 16.05.2018 മുതൽ 16.07.2018 വരെ |
| | | | ശ്രീമതി.ലിവി.പി | 17.07.2018 മുതൽ 05.08.2018 വരെ |
| | | | ശ്രീമതി.ജാസ്മിൻ | 06.08.2018 |

| | | |
|---|---|---|
| | തോമസ് | മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.മെർളി മാത്യു | 01.04.2018 മുതൽ 18.06.2018 വരെ |
| | ഡോ.റസീന കരിം | 19.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.അമൃത രവി | 01.04.2018 മുതൽ 13.09.2018 വരെ |
| | ഡോ.ആശിഷ് ബാലകൃഷ്ണൻ | 14.09.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | ഡോ.കെ.പി.ആനന്ദ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | ഡോ.ദിവ്യ സാംബശിവൻ | 01.04.2018 മുതൽ 30.11.2018 വരെ |
| | ഒഴിവ് | 01.12.2018 മുതൽ 26.12.2018 വരെ |
| | ഡോ.കെ.പി.സുധാരത്നം | 27.12.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.റഷീദ.വി.എ. | 01.04.2018 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജോമിറ്റ് തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.എലിസബത്ത് സി | 01.04.2018 മുതൽ 30.09.2018 വരെ |
| | ഒഴിവ് | 01.10.2018 മുതൽ 31.11.2019 വരെ |
| | ശ്രീമതി.കല്യാണി സജിത്ത് | 01.12.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ. ജി.യു.എൽ.പി.എസ്, പൈമറ്റം | ശ്രീ.വൽസലൻ.എം.എ | 01.04.2018മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അടവാക്കിയ തുക | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1-13 |
| 14 | രസീത് പരിശോധന -അപാകതകൾ | 1-14 |
| 15 | എല്ലാ വാണിജ്യ- വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല | 1-15 |
| 16 | പെർമിറ്റ് ഫയൽ പഞ്ചായത്തിൽ നിന്നും നഷ്ടപ്പെട്ടു | 1-16 |
| 17 | വെള്ളക്കരം, വൈദ്യുതി കരം കുടിശ്ശിക – ഉത്തരവത്തിൽ കുറവ് ചെയ്തത് | 1-17 |
| 18 | തനതുഫണ്ട് ചെലവുകളിലെ അപാകതകൾ- | 1-18 |
| 19 | ഹരിതകർമ്മസേന രൂപീകരിച്ചിട്ട് പ്രവർത്തനം ആരംഭിച്ചിട്ടില്ല- | 1-19 |
| 20 | ചെലവിന്റെ വിശദാംശങ്ങളും രേഖകളും ഹാജരാക്കിയിട്ടില്ല. | 1-20 |
| 21 | കിളച്ചെടുത്ത മണ്ണ് ഉപയോഗം രേഖപ്പെടുത്തിയില്ല. | 1-21 |
| 22 | ബഡ്സ്കൂൾ പ്രവർത്തനം - കൂടുതൽ വിഭവ സ്രോതസ്സ് കണ്ടെത്തണം. | 1-22 |
| 23 | ജല അതോറിറ്റിയിലെ നിക്ഷേപ പ്രവൃത്തി | 1-23 |
| 24 | ഫർണിച്ചർ വിതരണവിവരം ലഭ്യമല്ല. | 1-24 |
| 25 | ഹരിതം - ശുചിത്വ പഞ്ചായത്ത് - നിർവ്വഹണത്തിലെ അപാകതകൾ. | 1-25 |
| 26 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വർക്ക് - അപാകതകൾ | 1-26 |
| | ഭാഗം 2 | |
| | ഇല്ല | |

| | | |
|---|---|---|
| | ഭാഗം 3 | |
| | ഇല്ല | |
| | ഭാഗം 4 | |
| 27 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 28 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 32 | സ്ഥിര നിക്ഷേപം | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 40 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 41 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ 76 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 13.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് &

## പേയ്മെന്റ് പ്രകാരം)

| | |
|---|---:|
| മുന്നിരിപ്പ് | 35,22,233.00 |
| വരവ് | 5,09,52,876.00 |
| ആകെ | 5,44,75,109.00 |
| ചെലവ് | 4,74,90,073.00 |
| നീക്കിയിരിപ്പ് | 69,85,036.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---:|---:|---:|---:|---:|
| വികസന ഫണ്ട്-ജനറൽ | | 0 | 8781000 | 8781000 | 8693212 | 87788 lapsed |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 1257000 | 1257000 | 1257000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 71000 | 71000 | 71000 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 10199000 | 10199000 | 10003438 | 195562 lapsed |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 2780000 | 2780000 | 2780000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 4076000 | 4076000 | 3431042 | 644958 lapsed |
| ദുരിതാശ്വാസനിധി | | 14839 | 9539 | 24378 | 17500 | 6878 |
| സാനിട്ടേഷൻ | | 0 | 228800 | 228800 | 0 | 228800 |
| ഐ.സി.ഡി.എസ് | | 641425 | 768475 | 1409900 | 1000000 | 409900 |
| സാമൂഹ്യ സുരക്ഷിതത്വം | | 0 | 1500000 | 1500000 | 0 | 1500000 |
| എസ്.എസ്.എ | | 9874 | 0 | 9874 | 0 | 9874 |
| കുടിവെള്ള ഗ്രാന്റ് | | 0 | 20000 | 20000 | 0 | 20000 |
| ബുരിയൽ ഗ്രൗണ്ട് | | 0 | 100000 | 100000 | 0 | 100000 |
| പി.വൈ.സി.കെ.എ.* | | 1100 | 0 | 1100 | 0 | 1100 |
| എം.എൽ.എ. ഫണ്ട് | | 15237 | 0 | 15237 | 0 | 15237 |
| എൻ.പി.ആർ.പി.ഡി.** | | 543294 | 433276 | 976570 | 411327 | 565243 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 239 | 308581 | 308820 | 308359 | 461 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്-സ്റ്റേറ്റ് ഫണ്ട് | | 0 | 38000 | 38000 | 38000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1450130 | 1450130 | 1310221 | 139909 |
| | ജില്ലാ പഞ്ചായത്ത് | 0 | 3083505 | 3083505 | 3083505 | 0 |
| വിമുക്തി | | 14500 | 217206 | 231706 | 199656 | 32050 |
| ബി ഫണ്ട് | | 0 | 137040 | 137040 | 137040 | 0 |
| സാക്ഷരതാ മിഷൻ | | 9174 | 98900 | 108074 | 98340 | 9734 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വമിഷൻ | | 211250 | 260000 | 471250 | 335000 | 136250 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | | 0 | 1000000 | 1000000 | 180000 | 820000 |
| ഡെപ്പോസിറ്റുകൾ | | 279093 | 90130 | 369223 | 127638 | 241585 |
| ലൈഫ് ലോൺ | | 0 | 5734521 | 5734521 | 5720003 | 14518 |
| ഗുണഭോക്തൃവിഹിതം | | 0 | 42780 | 42780 | 42780 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് *** | 1513895 | 2182699 | 3696594 | 1827591 | 1869003 |
| | ട്രഷറി അക്കൗണ്ട് | 0 | 6724066 | 6724066 | 5958688 | 765378 |
| കൈയ്യിരുപ്പ് | | 268313 | 99116 | 367429 | 268313 | 99116 |

* PYCKA – Programme for Yuva creeda and Khel Abhiyan

**NPRPD – National Programme for rehabilitation of physcically disabled.

*** തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുള്ള പ്രത്യേക ആവശ്യഗ്രാന്റ് തുകകളും മറ്റ് ബാദ്ധ്യതകളും കുറച്ചശേഷമാണ് തനത് കണക്കാക്കിയിട്ടുള്ളത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 56736688 | 88 | 36630003 | 7 | 35 | 67.7 |

<u>ഗ്രാന്റ് ഇൻ എയ്ഡ് - വിനിയോഗം</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡിൽ സംരക്ഷണഗ്രാന്റ് റോഡ്'), കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 8781000 | 8693212 | 87788 | 99 |
| വികസനഫണ്ട് -എസ്.സി.പി | 1257000 | 1257000 | 0 | 100 |
| വികസനഫണ്ട് -ടി.എസ്.പി | 71000 | 71000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 10199000 | 10003438 | 195562 | 98.08 |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2780000 | 2780000 | 0 | 100 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4076000 | 3431042 | 644958 | 84.18 |

<u>മോണിട്ടറിങ്ങ് .</u>

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ് . മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

<u>നൂതന പ്രോജക്ടുകൾ</u>

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൂതന പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 239 | 308581 | 308820 | 308359 | 461 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13349730 | 13349730 | 13349730 | 0 |
| 100 തൊഴിൽ ദിനം - ഗ്രാന്റ് | 0 | 38000 | 38000 | 38000 | 0 |
| ആകെ | 239 | 13696311 | 13696550 | 13696089 | 461 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29040 | 31 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2568000 | 796 |
| വിധവാപെൻഷൻ | 5401700 | 1688 |
| വാർദ്ധക്യകാലപെൻഷൻ | 8523000 | 2617 |
| വികലാംഗപെൻഷൻ | 2205100 | 679 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 92800 | 29 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2020 ഉച്ചകഴിഞ്ഞ് 3.30 മണിക്ക് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 57252/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ പഞ്ചായത്തിന് ലഭിക്കുന്ന ചെക്കുകളും ഡ്രാഫ്റ്റുകളും പണമായി മാറിയ തീയതി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ പണം വരവ്, ഒടുക്ക് പരിശോധിക്കുമ്പോൾ ചെക്കുകളും ഡ്രാഫ്റ്റുകളും അക്കൗണ്ടിൽ ക്രെഡിറ്റായത് കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ആയതിനാൽ ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ പണമായി മാറിയ തീയതി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഫയൽ നഷ്ടപ്പെട്ടു

അസന്റ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ മൊബൈൽ ടവർ നിർമ്മാണത്തിന് 43339/19/07.01.19 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ച ഫയലും ടവർ നിർമ്മാണത്തിനെതിരെ ലഭ്യമായ പരാതിയും പഞ്ചായത്ത് ഓഫീസിൽ നിന്നും കാണാതായിട്ടുണ്ട്. ഇത് സംബന്ധിച്ച് സെക്ഷൻ ക്ലാർക്ക് നൽകിയ വിശദീകരണത്തിൽ പഞ്ചായത്ത് റെക്കോർഡ് റൂമിലെ അലമാരയിൽ ഫയലുകൾ കൃത്യമായി സൂക്ഷിച്ചിരുന്നുവെന്നും താക്കോൽ ഇല്ലാത്തതിനാൽ അലമാര പൂട്ടി സൂക്ഷിക്കുവാൻ സാധിച്ചിരുന്നില്ലെന്നും അലമാര പൂട്ടി സൂക്ഷിക്കുന്നതിനുള്ള താക്കോൽ നൽകണമെന്നും അറിയിച്ചിട്ടുണ്ട്. പെർമിറ്റ് പോലെ പ്രധാന രേഖകൾ സൂക്ഷിക്കുന്ന അലമാര താക്കോൽ ഉപയോഗിച്ച് പൂട്ടി സൂക്ഷിക്കാത്തത് അധികൃതരുടെ ഭാഗത്തുനിന്ന് വന്ന വീഴ്ചയായും ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മയായും വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.01.2020 | 12/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.06.2018 | 01.04.2013 മുതൽ 31.03.2018 വരെ | 27.07.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കിയ തുക

ഓഡിറ്റ് വർഷം കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് 25.02.2020 ൽ 6-ം നമ്പർ ആയി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതേ തുടർന്ന് 3025/- രൂപ അടവാക്കിയിട്ടുണ്ട്.

| എൻക്വയറി നം. | പേര് | ഈടാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|
| 06/25.2.2020 | ഉമ്മർ കോക്കാപ്പിള്ളിൽ | 3025/- | 119010103252 / 26.02.2020 |

## 1-13 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൈമറ്റം പ്ലൈവുഡ് കമ്പനി എന്ന സ്ഥാപനം 2018-19 വർഷം ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ ടി സ്ഥാപനത്തിൽ 40 ജീവനക്കാർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01) ടി ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും എത്രയും വേഗം നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 രസീത് പരിശോധന -അപാകതകൾ

I. 31.01.2020 ലെ തനത് ഫണ്ടിന്റെ (കേരള ഗ്രാമീൺ ബാങ്ക്) ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന് ഇ ട്രാൻസ്ഫർ ആയി ലഭിച്ച താഴെ പറയുന്ന തുക നിലവിലും Cheque deposited but not collected എന്ന് കാണിച്ചിരിക്കുന്നു.

| ക്രമ നം. | രസീത് നം. | തുക ലഭ്യമായ തീയതി | തുക | ലഭ്യമാക്കിയ സ്ഥാപനം |
|---|---|---|---|---|
| 1 | 119010900001/ 27.09.19 | 26.08.19 | 2,11,182 | സിഡിപിഒ കോതമംഗലം, പൂരക പോഷകാഹാര പരിപാടി കേന്ദ്രവിഹിതം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 (I)) മറുപടിയായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് റിക്കൺസിലിയേഷൻ പുനക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റീക്കൺസിലിയേഷൻ കൃത്യമാക്കി വിവരമറിയിക്കേണ്ടതാണ്.

II.) 08.07.2019 ൽ IKM ൽ നിന്നും ലഭ്യമായ 66009 രൂപ (രസീത് നം.119010500003/08.07.19) ഏത് ഇനത്തിൽ ലഭ്യമായതെന്ന് വ്യക്തമല്ല.ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 (III)) മറുപടിയായി പ്രസ്തുത തുക IKM വിഹിതമായി 2011-12, 2012-13 വർഷങ്ങളിൽ അധികമായി ഒടുക്കിയ തുക തിരികെ ലഭ്യമായതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട സ്രോതസിലേക്ക് തിരികെ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

III) . 05.09.2019 തീയതിയിൽ പൈമറ്റം യു.പി സ്കൂളിലെ ഹെഡ്മാസ്റ്റർക്ക് 48146 നമ്പർ രസീത് ബുക്ക് നൽകിയിട്ടുള്ളതായി രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത ബുക്കിലെ രസീതുകൾ ഒന്നും തന്നെ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ഇതിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥന്റെ ആവശ്യകതയ്ക്കനുസരിച്ചല്ല രസീത് ബുക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു. 48146 നമ്പർ രസീത് ബുക്ക് നിർവ്വഹണോദ്യോഗസ്ഥന് ആവശ്യമില്ലെങ്കിൽ തിരികെ പഞ്ചായത്ത് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥർക്ക് രസീത് ബുക്കുകൾ നൽകുമ്പോൾ ആവശ്യകതയ്ക്ക് അനുസരിച്ച് മാത്രം നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-15 എല്ലാ വാണിജ്യ- വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും ആകെ 274 സ്ഥാപനങ്ങൾ മാത്രമേ വിവിധ ആവശ്യങ്ങൾക്കായി ലൈസൻസ് എടുത്തിട്ടുള്ളു. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവിധ ഉപയോഗക്രമത്തിലായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ്

എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1014 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 110 |
| എം.എസ്.എം.ഇ | 27 |
| ഓഫീസ് ആവശ്യം | 19 |
| വ്യവസായാവശ്യത്തിനുള്ള – കൈത്തറിഷെഡ്, കയർപിരിഷെഡ് | 143 |
| ഇതര വ്യവസായാവശ്യത്തിനുള്ളവ | 38 |
| ആകെ എണ്ണം | 1351 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശങ്ങൾ പ്രകാരം, പഞ്ചായത്ത് പരിധിയിൽ 1351 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെങ്കിലും 274 ലൈസൻസ് മാത്രമാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14) മറുപടിയായി 2013 മുതൽ പൊളിച്ച് മാറ്റിയ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള ലിസ്റ്റാണ് സഞ്ചയയിൽ നിന്ന് ലഭിക്കുന്നതെന്നും എങ്കിലും ഏതാനും വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നും അത്തരം സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി പഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും പഞ്ചായത്ത് കമ്മറ്റിയുടെയും അടിയന്തിര ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

# 1-16 പെർമിറ്റ് ഫയൽ പഞ്ചായത്തിൽ നിന്നും നഷ്ടപ്പെട്ടു

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം അസന്റ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ മൊബൈൽ ടവർ നിർമ്മാണത്തിന് 43339/19/07.01.19 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ഫയലും (ഫയൽ നം.79/2019/07.01.19) ടവർ നിർമ്മാണത്തിനെതിരെ ലഭ്യമായ പരാതിയും പഞ്ചായത്ത് ഓഫീസിൽ നിന്നും കാണാതാവുകയും ആയത് സംബന്ധിച്ച് സെക്ഷൻ ക്ലർക്കിൽ നിന്നും

വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിന് സെക്ഷൻ ക്ലർക്ക് നൽകിയ വിശദീകരണത്തിൽ പഞ്ചായത്ത് റെക്കോർഡ് റൂമിലെ അലമാരയിൽ ഫയലുകൾ കൃത്യമായി സൂക്ഷിച്ചിരുന്നുവെന്നും താക്കോൽ ഇല്ലാത്തതിനാൽ അലമാര പൂട്ടി സൂക്ഷിക്കുവാൻ സാധിച്ചിരുന്നില്ലെന്നും അലമാര പൂട്ടി സൂക്ഷിക്കുന്നതിനുള്ള താക്കോൽ നൽകണമെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സെക്രട്ടറി നൽകിയ പരാതിയിൽ പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നിലവിൽ അന്വേഷണം പുരോഗമിച്ച് വരികയുമാണെന്ന് പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത കേസിന്റെ തീർപ്പ് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 വെള്ളക്കരം, വൈദ്യുതി കരം കുടിശ്ശിക – ഉത്തരവത്തിൽ കുറവ് ചെയ്തത് -തുടർ നടപടികൾ സ്വീകരിച്ചില്ല

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വികസന ഫണ്ട്, പൊതുആവശ്യഫണ്ട് എന്നിവയിൽ നിന്നും ഉത്തരവത്തിൽ കുറവ് വരുത്തിയ വെള്ളക്കരം വൈദ്യുതി കരം കുടിശ്ശിക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് | ഉത്തരവ് | കുറവ് ചെയ്ത കുടിശ്ശിക തുക | |
|---|---|---|---|
| | | വെള്ളക്കരം | വൈദ്യുതി കരം |
| വികസന ഫണ്ട് (പൊതുവിഭാഗം) | സ.ഉ.(സാധ) 9858/2018/ധന/ 29.11.2018 | 509701.00 | 253.00 |
| പൊതു ആവശ്യ ഗ്രാന്റ് | സ.ഉ.(സാധ) 10069/2018/ ധന/ 7.11.2018 | 127425.00 | 65.00 |
| ആകെ | | 637126.00 | 318.00 |
| തിരികെ ലഭിച്ച തുക | | | |
| വികസന ഫണ്ട് (പൊതുവിഭാഗം) | സ.ഉ.(സാധ) 1194/2019/ധന/ 16.2.2019 | 396434.00 | 0.00 |
| പൊതു ആവശ്യ ഗ്രാന്റ് | | 98638.00 | 0.00 |
| 2018-19 വർഷം കുറവ് ചെയ്ത അറ്റതുക | | 142054.00 | 318.00 |
| വികസന ഫണ്ട് (പൊതുവിഭാഗം)<br>പൊതു ആവശ്യ ഗ്രാന്റ് | | 113267.00<br>28787.00 | 253.00<br>65.00 |

<u>വെള്ളക്കര കുടിശ്ശിക</u>

ഗ്രാമപഞ്ചായത്തിന് 2018 ഒക്ടോബർ മാസം ലഭിച്ച വെള്ളക്കരം ഡിമാന്റ് നോട്ടീസ് (നം. 29833 / 17.10.2018) പ്രകാരം ആകെ ഡിമാന്റ് 33247/- രൂപയാണ് (കുടിശിക 21876 + ഫൈൻ 433 + തൻമാസ കരം 10938) . ഈ തുക ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ജല അതോറിറ്റിക്ക് 30.12.2018 ൽ നൽകിയിട്ടുമുണ്ട്. തുടർന്നുള്ള മാസങ്ങളിൽ കുടിശ്ശിക ഇല്ലാതെയുള്ള ഡിമാന്റ് നോട്ടീസ് ആണ് ലഭിച്ചുവരുന്നത്. ഗ്രാമപഞ്ചായത്തിന് വെള്ളക്കര കുടിശ്ശിക ഇല്ലാത്ത സാഹചര്യത്തിലാണ് 142054/- രൂപ കുടിശ്ശികയായി ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. ഈ തുകയ്ക്ക് ജലഅതോറിറ്റിയിൽ നിന്നും രസീത് ലഭ്യമാക്കുകയോ ആയത് കണക്കിൽ ഉൾപ്പെടുത്തി പുതുക്കിയ ഡിമാന്റ് നൽകിയതായോ കാണുന്നില്ല.

<u>വൈദ്യുതി കരം</u>

വൈദ്യുതി കരം കുടിശ്ശിക 318/- രൂപ ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുള്ളതിന് വൈദ്യുതി ബോർഡിൽ നിന്നും രസീത് ലഭ്യമാക്കുകയോ പുതുക്കിയ ഡിമാന്റ് ലഭ്യമാക്കിയതായോ കാണുന്നില്ല.

കുടിശ്ശിക ഇല്ലാതിരിക്കെ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് ഇൻ എയ്ഡിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്ത തുക തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും അധികമായി കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കുകയോ ഭാവിയിലേക്ക് ക്രമീകരിച്ച് ലഭ്യമാക്കുകയോ ചെയ്യേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-18 തനതുഫണ്ട് ചെലവുകളിലെ അപാകതകൾ-

തനതുഫണ്ട് ചെലവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വൗച്ചർ നം.21800119/23-5-18 പ്രകാരം പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ മഴവെള്ളക്കൊയ്ത്ത്/കിണർ റീചാർജ്ജിംഗ് അവസാനഘട്ട പ്രവർത്തനങ്ങൾക്ക് 31040/- രൂപ ശ്രീ പി എ മുജീബിന് നൽകി. ക്വട്ടേഷൻ ക്ഷണിച്ചാണോ ടി പ്രവർത്തി ചെയ്തതെന്നും ആകെ എത്ര തുക ചെലവായി എന്നും നിലവിലും ഉപയോഗക്ഷമമാണോയെന്നും വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

2. വൗച്ചർ നം.21800150/2-6-18 പ്രകാരം സിഎച്ച്സി മെഡിക്കൽ ഓഫീസർക്ക് 2018 ആരോഗ്യജാഗ്രതാപ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നുള്ള 130000/- രൂപ

തനതുഫണ്ടിൽ നിന്നും കൈമാറിയിട്ടുണ്ട്. ടി തുകയുടെ ചെലവുവൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3.വൗച്ചർ നം. 21800221/6-7-18- പ്രകാരം 3000/- രൂപ അറയ്ക്കൽ ചെക്ക് ഡാമിന്റെയും, വൗച്ചർ നം. 21800222/6-7-18 പ്രകാരം 3000- രൂപയും വൗച്ചർ നം 21800910/15-3-19 പ്രകാരം 10600- രൂപയും വരമ്പുപാറ ചെക്ക് ഡാമിന്റെയും, വൗച്ചർ നം. 21800909/15-3-19 പ്രകാരം 4500/- രൂപ കോടമുണ്ട ചെക്ക് ഡാമിന്റെയും, വൗച്ചർ നം. 21801011/ 25-3-19 പ്രകാരം 2250/- രൂപ വള്ളിക്കടവ് ചെക്ക് ഡാമിന്റെയും ഷട്ടർ മെയിന്റനൻസുകൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ ചെക്ക് ഡാമുകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണോ അതോ ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണോ എന്നത് വ്യക്തമാക്കണമെന്നും, അഥവാ ഇവയെല്ലാം കാർഷികസമിതി/മറ്റ് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ളവയാണെങ്കിൽ തനതുഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന്റെ കാരണവും മേൽ അപാകതകളും സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം-17 ) മറുപടി ലഭ്യമാക്കിയില്ല.

ആകെ 184390/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-19 ഹരിതകർമ്മസേന രൂപീകരിച്ചിട്ട് പ്രവർത്തനം ആരംഭിച്ചിട്ടില്ല-

പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ച് അവർക്ക് പരിശീലനം നൽകിയിട്ടുണ്ടെങ്കിലും ഒരു എം. സി. എഫ്. കേന്ദ്രം ഇല്ലാത്തതിനാൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. തൻവർഷം പ്രോജക്ട് നം. 143/19 പ്രകാരം സബ്സെന്റർ നവീകരിച്ച് എംസിഎഫ് കേന്ദ്രമാക്കി പ്രവർത്തനം ആരംഭിയ്ക്കാൻ 16-2-19 ലെ 46/2019(2) നം കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിലും തൻവർഷം പ്രോജക്ട് നടപ്പാക്കിയിട്ടില്ല. വി.ഇ.ഒ.യ്ക്കും തൻവർഷം പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച പ്രോജക്ടുകളൊന്നും നൽകിയിട്ടില്ല. വളരെ അടിയന്തിരപ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ട പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായി യാതൊരു നടപടികളും സ്വീകരിയ്ക്കാത്തതിന് മതിയായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുള്ള അന്വേഷണകുറിപ്പിന് (നം.18) മറുപടി നൽകിയില്ല. അടിയന്തിര പ്രാധാന്യം നൽകി നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-20 ചെലവിന്റെ വിശദാംശങ്ങളും രേഖകളും ഹാജരാക്കിയിട്ടില്ല.

ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ്, പൈമറ്റം നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ

താഴെ വിവരിക്കുന്ന പ്രോജക്ടുകളുടെ ചെലവിന്റെ വിശദാംശങ്ങളും അനുബന്ധ രേഖകളും ഓഡിറ്റ് എൻക്വയറി (നം.15/27.2.2020) നൽകിയിട്ടും ഹാജരാക്കിയിട്ടില്ല.

| ക്രം നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് വിവരം | |
|---|---|---|---|---|---|
| | | | | ബിൽ നം. | തുക |
| 1 | S0106/19 | പൈമറ്റം സ്കൂളിന് കളിസ്ഥലവും മിനി പാർക്കും സ്ഥാപിക്കൽ | 1,00,000/- | PLM/1/2018-19 | 1,00,000/- |
| 2 | S0194/19 | തായ്ക്കോണ്ട ട്രെയിനിംഗ്. | 31,500/- | PLM/7/2018-19 | 31,500/- - |
| 3 | S0006/19 | ലൈബ്രറികൾക്ക് പത്ര മാസികകൾ വാങ്ങൽ. | 20,000/- | ബിൽ നം./ തീയതി | തുക |
| | | | | PLM/2/2018-19 | 8692/- - |
| | | | | PLM/4/2018-19 | 6685/- - |
| | | | | PLM/5/2018-19 | 4623/- - |
| | | | | ആകെ | 20,000/- |
| | | മൊത്തം, | 1,51,500/- | | 1,51,500/- |

ചെലവിന്റെ വിശദാംശങ്ങളും അനുബന്ധ രേഖകളും ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ 1,51,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-21 കിളച്ചെടുത്ത മണ്ണ് ഉപയോഗം രേഖപ്പെടുത്തിയില്ല.

| | |
|---|---|
| പ്രോജക്ട് | ഈട്ടിപ്പാറ തടത്തികുന്നേപ്പാറ റോഡ് പുനരുദ്ധാരണം (എസ്.0010/19) |
| അടങ്കൽ | 458000/- സംരക്ഷണ ഗ്രാന്റ് - റോഡ് |
| ചെലവ് വിവരം | 456293/- BRN 12339/ 14.3.2019 |
| കരാറുകാരൻ | ലിജു പോൾ (എസ്റ്റിമേറ്റ് നിരക്ക്) |
| അളവ് പുസ്തകം | 115/18-19 |

ഈ പ്രവൃത്തിയിൽ 305 മീറ്റർ നീളത്തിൽ 1.2 മീറ്റർ വീതിയിൽ 0.15 മീറ്റർ കനത്തിൽ മണ്ണ് കിളച്ച് മാറ്റി അതേ അളവിൽ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള രണ്ട് ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ഒന്നാം ഇനം പ്രകാരം 48.389 ഘന മീറ്റർ മണ്ണ്

കിളച്ചെടുത്തിട്ടുണ്ട്. എന്നാൽ ഈ മണ്ണിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല. 305 മീറ്റർ നീളത്തിൽ ഇനം 2 പ്രകാരം ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ അരികിൽ ചിറപിടിപ്പിക്കാൻ ഉപയോഗിച്ചാലും അതിലും കൂടുതൽ മണ്ണ് ബാക്കിയുണ്ടാകേണ്ടതാണ്. ഈ പ്രവൃത്തിയുടെ ഭാഗമായി കിളച്ച് മാറ്റിയ 48.389 ഘ.മീ. മണ്ണ് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കിളച്ചെടുത്ത മണ്ണ് പൂർണ്ണമായും ഉപയോഗിച്ചിട്ടുണ്ടോ അതോ അന്യാധീനപ്പെട്ടിട്ടുണ്ടോ എന്ന് മോണിട്ടറിങ്ങ് സമിതി പരിശോധിച്ച് റിപ്പോർട്ട് കമ്മറ്റിക്ക് ലഭ്യമാക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-22 ബഡ്സ് സ്ക്കൂൾ പ്രവർത്തനം - കൂടുതൽ വിഭവ സ്രോതസ്സ് കണ്ടെത്തണം.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിനായി ഓഡിറ്റ് വർഷത്തിൽ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങളും ഓഡിറ്റ് പരാമർശങ്ങളും താഴെ ചേർക്കുന്നു.

| പ്രോജക്ട് | ബഡ്സ് സ്കൂൾ വാഹന മെയിന്റനൻസും ഇന്ധന ചെലവും (എസ്.0038/19) | ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഓണറേറിയം (എസ്.0042/19) |
|---|---|---|
| അടങ്കൽ | 225000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 77000/- വികസന ഫണ്ട്<br>757073/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 223373/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 77000/- വികസന ഫണ്ട്<br>755000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ,ഗ്രാമപഞ്ചായത്ത് | |

വാഹനത്തിന്റെ ഡീസൽ ചെലവിനത്തിൽ 136418/- രൂപയും വാർഷിക അറ്റകുറ്റപ്പണികൾക്കായി 86955/- രൂപയും ഓണറേറിയത്തിനായി 832000/- രൂപയും ഉൾപ്പെടെ 1055373/-രൂപയാണ് ബഡ്സ് സ്കൂളിനുവേണ്ടി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിനിയോഗിച്ചിട്ടുള്ളത്.

ബഡ്സ് സ്കൂളിനായി ഗ്രാന്റ് ഇൻ എയ്ഡ് ഉപയോഗിക്കുന്നു : ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടും സർക്കാർ ഇതിലേക്കായി പൊതു വിദ്യാഭ്യാസ വകുപ്പിലൂടെ അനുവദിക്കുന്ന തുകയുമാണ് ഉപയോഗിക്കേണ്ടത്. തനത് ഫണ്ട് കുറഞ്ഞ ഗ്രാമപഞ്ചായത്തുകൾ മറ്റ് സ്രോതസ്സുകളിൽ (ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, എം.എൽ.എ ഫണ്ട്, എം.പി.ഫണ്ട്, സ്പോൺസർഷിപ്പ് ) നിന്നും കണ്ടെത്തണമെന്ന്

07.02.2018 ലെ സ.ഉ.(എം.എസ്) 20/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. തനത് ഫണ്ട് കുറവായ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ ഈ സ്രോതസ്സുകളിൽ നിന്നും പണം കണ്ടെത്താതെ, മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നുമാണ് തുക വിനിയോഗിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് കൂടാതെ സമീപസ്ഥ ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള 62 വിദ്യാർത്ഥികളാണ് ബഡ്സ് സ്കൂളിൽ ഉള്ളത്. മറ്റ് പഞ്ചായത്തുകളുടെ ധനസഹായം ഇക്കാര്യത്തിൽ ഉറപ്പാക്കേണ്ടതാണ്.

ബാങ്ക് അക്കൗണ്ട് : ബഡ്സ് സ്കൂളിനായി ഒരു ബാങ്ക് അക്കൗണ്ട് (എസ്.ബി.നം.245) ഫാർമേഴ്സ് കോഓപ്പറേറ്റീവ് ബാങ്കിൽ ഉണ്ടെങ്കിലും അതിൽ നിന്നും തുക വിനിയോഗിക്കുന്നില്ല. തൻവർഷം ലഭിച്ച പലിശ ഉൾപ്പെടെ 31.03.2019 ൽ 565243/- രൂപ നീക്കിയിരിപ്പുണ്ട്.

വാഹന ഉപയോഗം : ബഡ്സ് സ്കൂളിനുവേണ്ടി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധിച്ച് ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 110 കി. മീറ്റർ ആണ് ഒരു ദിവസം വാഹനം ഓടുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. വാഹനത്തിൽ ഇന്ധനം നിറക്കുന്ന സമയത്തെ മീറ്റർ റീഡിങ്ങ് രേഖപ്പെടുത്തുന്നില്ല. ഇന്ധനം നിറച്ചത് സംബന്ധിച്ച് പെട്രോൾ പമ്പിൽ നിന്നും ഹാജരാക്കിയിട്ടുള്ള ബില്ലിൽ മിക്കവയിലും വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തുന്നില്ല.

ധനമാനേജ്മെന്റ് : ബഡ്സ് സ്കൂളിന്റെ ധനവിനിയോഗം, ധനശേഖരണം എന്നിവയുള്ള ചുമതല ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിക്കാണ് ഉള്ളത്. എന്നാൽ മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് രേഖകൾ അസിസ്റ്റന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

വാഹനം വാങ്ങുന്നതിനുള്ള ഗ്രാന്റ് : ബഡ്സ് സ്കൂളിന് വാഹനം വാങ്ങുന്നതിനായി 15 ലക്ഷം രൂപ ഗ്രാന്റ് ആയി ലഭിച്ചിട്ടുണ്ട് (ഫണ്ട് കോഡ് 320200205). ബാലൻസ് ഷീറ്റിൽ പ്രസ്തുത തുക നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലെ വാഹനം കാലപ്പഴക്കം ഏറിയതും ഇന്ധന ക്ഷമത ഇല്ലാത്തതുമാണ്. പുതിയ വാഹനം വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം.

## 1-23 ജല അതോറിറ്റിയിലെ നിക്ഷേപ പ്രവൃത്തി

വിവിധ ഗ്രാമീണ റോഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കലും അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ എടുക്കലും (എസ്. 0103/19) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 28000/- രൂപ

ജലഅതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് സാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല.

| ബിൽ നമ്പർ | തുക | പ്രവൃത്തി |
|---|---|---|
| 33/6.10.2018 | 18100/- | അങ്കണവാടി നം.32 ന് വാട്ടർ കണക്ഷൻ |
| 61/7.2.2019 | 9900/- | അങ്കണവാടി നം.38 ന് വാട്ടർ കണക്ഷൻ |

പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രവും മോണിട്ടറിങ്ങ് റിപ്പോർട്ടും പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി 28000/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-24 ഫർണിച്ചർ വിതരണവിവരം ലഭ്യമല്ല.

സെക്രട്ടറി ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തിയ രണ്ട് പ്രോജക്ടുകളുടെ ഭാഗമായി വാങ്ങിയിട്ടുള്ള ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയ രേഖകൾ ലഭ്യമല്ല.

1. മാവുടി എസ്.സി. സഹകരണസംഘത്തിന് ഫർണിച്ചർ (പ്രോജക്ട് നം.എസ്.0077/19) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി കോതമംഗലം പട്ടികജാതി സർവ്വീസ് സഹകരണ സംഘം , ക്ലിപ്തം നം.ഇ.659 എന്ന സ്ഥാപനത്തിന് വേണ്ടി 50000/- രൂപയ്ക്ക് ഫർണിച്ചർ വാങ്ങിയിരുന്നു.

| ഇനം | നിരക്ക് , എണ്ണം | തുക | റിമാർക്സ് |
|---|---|---|---|
| Armed Chair | Rs.700 x 38 | 26600/- | കൊല്ലറക്കൽ സ്റ്റീൽ ആർട്ട് എന്ന സ്ഥാപനത്തിന് ഫർണിച്ചർ സപ്ലൈ ചെയ്തതിന് 50000/- രൂപ നൽകിയിട്ടുണ്ട് (ബിൽ നം.31/ 25.09.2018) |
| Book Shelf | Rs.12500 x 1 | 12500/- | |
| MS Table double side | Rs.6000 x 1 | 6000/- | |
| Office table | Rs.5000 x 1 | 5000/- | |
| ആകെ | | 50100/- | |

2. അങ്കണവാടികൾക്ക് ഫർണിച്ചർ (എസ്. 0138/19) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയ ഫർണിച്ചർ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ഇനം | നിരക്ക്, എണ്ണം | തുക | റിമാർക്ക്സ് |
|---|---|---|---|
| Bench | Rs.3575 x 48 | 171600/- | ഫർണിച്ചർ സപ്ലൈ ചെയ്ത ആൻസ് ഫർണിച്ചർ നെല്ലിമറ്റം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട് (ബിൽ നം.74/ 18.3.2019) |
| Table | Rs.5525 x 8 | 44200/- | |
| ആകെ | | 215800/- | |

മേൽ ഫർണിച്ചർ വിതരണ രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 09 / 27.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഫർണിച്ചർ ബന്ധപ്പെട്ട സ്ഥാപനങ്ങൾ കൈപ്പറ്റി അവരുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കുന്നതിന് വിധേയമായി 265900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ഹരിതം - ശുചിത്വ പഞ്ചായത്ത് - നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് | ഹരിതം പല്ലാരിമംഗലം - ശുചിത്വ പഞ്ചായത്ത് (എസ്.0075/19) |
| അടങ്കൽ | 2,88,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 1,62,546/- (ബിൽ നം. 57/14.1.2019: സിതാര ഷോപ്പിങ്ങ് സെന്ററിന് നൽകിയത്)<br>62,363/- (ബിൽ നം.71/28.2.2019 : ഹരിതബോർഡുകൾ സ്ഥാപിച്ചതിന് എല്ലോറ പിക്ചർ പ്രോഡക്ട്സ് എന്ന സ്ഥാപനത്തിന് നൽകിയത്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്ത് ഹരിത പഞ്ചായത്ത് ആക്കുന്നതിന്റെ ഭാഗമായി സൽക്കാര ചടങ്ങുകളിൽ പ്ലാസ്റ്റിക്ക് പാത്രങ്ങളുടെയും ഗ്ലാസിന്റെയും ഉപയോഗം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ ഇത്തരം ചടങ്ങുകളിലെ ഉപയോഗത്തിനായി സിറാമിക് പ്ലേറ്റ് ( 1250 എണ്ണം) ഗ്ലാസ് ടംബ്ലറുകൾ (1250 എണ്ണം) ട്രേ (54 എണ്ണം) എന്നിവ 162546/- രൂപ മുതൽ മുടക്കി സിതാര ഷോപ്പിങ്ങ് സെന്ററിൽ നിന്നും (ഇൻവോയ്സ് നം. ബി.1/4.12.2018) വാങ്ങിയിട്ടുണ്ട്. ഇതിൽ 1250 സിറാമിക് പ്ലേറ്റുകളും 1200 ഗ്ലാസ് ടംബ്ലറുകളും 10.01.2019 ൽ കരാറിൽ ഏർപ്പെട്ട്, വാർഡ് ഒന്നിലെ പുലിക്കുന്നേപ്പടി വിഷസ് കുടുംബശ്രീ യൂണിറ്റിന് കൈമാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1.പ്രസ്തുത സാധനങ്ങൾ വാടകയ്ക്ക് നൽകി (പാത്രം ഒന്നിന് 2/- , ഗ്ലാസ്സ് ഒന്നിന് 1/- രൂപ നിരക്കിൽ) വാടക വരവിന്റെ 25% ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിലേക്ക് അടച്ചുകൊള്ളാമെന്ന് കരാറിൽ ഉടമ്പടി ചെയ്തിട്ടുണ്ട്. നാളിത് വരെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര രൂപ അടവാക്കിയിട്ടുണ്ട് എന്ന് വ്യക്തമല്ല.

2.വാടക വരവ് സംബന്ധിച്ച കണക്കുകൾ കുടുംബശ്രീ യൂണിറ്റ് എഴുതി സൂക്ഷിക്കേണ്ടതും പഞ്ചായത്തിനെ ബോധിപ്പിക്കേണ്ടതുമാണ്. ഈ കണക്കുകൾ പഞ്ചായത്ത് പരിശോധിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.
3.ആകെ വാങ്ങിയ സാധനങ്ങളിൽ 54 ട്രേകളും 50 ഗ്ലാസ് ടംബ്ലറുകളും കുടുബശ്രീ യൂണിറ്റിന് നൽകിയതായി കാണുന്നില്ല. ഇവ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 162546/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-26 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വർക്ക് - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

എ) സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു.

സ്റ്റോർ പർച്ചേയ്സ് മാനവൽ ഖണ്ഡിക 7.32 (ii) പ്രകാരം ആവശ്യമുള്ള ഒരേയിനം സാധനങ്ങളുടെ അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ടെണ്ടർ ക്ഷണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി കോൺക്രീറ്റിങ്ങ് പ്രവൃത്തികൾക്ക് ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒന്ന് തന്നെ ആണെങ്കിലും (മെറ്റൽ - 40 മി.മീ, 20 മി.മീ, 10 മി.മീ., സിമെന്റ്, മണൽ, ) ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു. ഇത് മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കുന്നതിന് വിഘാതമാവുന്നുണ്ട്. മാത്രമല്ല ഒരു ടെണ്ടർ ആയി ക്ഷണിക്കുമ്പോൾ പർച്ചേയ്സ് തുക 5 ലക്ഷത്തിൽ അധികരിക്കുകയും ഇ-ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തേണ്ടിയും വരും. ഇത് ഒഴിവാക്കുവാൻ കൂടിയാണ് ഒരേ ഇനം സാധനങ്ങൾ വാങ്ങുന്നതിനായി ഇത്തരത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നത് എന്ന് കാണുന്നു.

ബി) ഇൻവോയ്സ് ലഭ്യമല്ല.

താഴെ ചേർക്കുന്ന പ്രവൃത്തികൾക്കായുള്ള സപ്ലൈയുടെ തുക അനുവദിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഇൻവോയ്സുകൾ ലഭ്യമല്ല. കരാറുകാരന് നൽകിയിട്ടുള്ള തുകയിൽ പ്രവൃത്തി ചെയ്യുന്നതിന് ഉപയോഗിച്ച വൈബ്രേറ്റർ, മിക്സർ മെഷീനുകളുടെ വാടകയും ഉൾപ്പെടുന്നുണ്ട്. ഇതിന്റെ വാടകയുടെയും സപ്ലൈ ചെയ്ത സാധനങ്ങളുടെയും ഇൻവോയ്സുകൾ ലഭ്യമാക്കേണ്ടതാണ്.

| പ്രവൃത്തി | | കരാറുകാരൻ | നൽകിയ |
|---|---|---|---|
| | | | |

| നമ്പർ | പേര് | | തുക |
|---|---|---|---|
| 150/18-19 | അടിവാട് തെക്കേക്കവല അല്ലാംകുന്നേൽ പടി റോഡ് കോൺക്രീറ്റിങ്ങ് | പി.എ.മുജീബ് (എസ്റ്റിമേറ്റ് നിരക്ക്) | 179762/- |
| 146/18-19 | വള്ളക്കടവ് - കുറ്റപ്പിള്ളി പാടശേഖരം റോഡ് കോൺക്രീറ്റിങ്ങ് | പി.എ.മുജീബ് (എസ്റ്റിമേറ്റ് നിരക്ക്) | 189622/- |
| 144/18-19 | പൈമറ്റം സത്താർപടി റോഡ് കോൺക്രീറ്റിങ്ങ് | പി.എ.മുജീബ് (എസ്റ്റിമേറ്റ് നിരക്ക്) | 189622/- |
| 148/18-19 | കരിപ്പൻകുടി - കൊല്ലൻപടി റോഡ് കോൺക്രീറ്റിങ്ങ് | പി.എ.മുജീബ് (എസ്റ്റിമേറ്റ് നിരക്ക്) | 103652/- |
| 142/18-19 | മംഗലശ്ശേരി കുളിക്കടവ് റോഡ് കോൺക്രീറ്റിങ്ങ് | പി.എ.മുജീബ് (എസ്റ്റിമേറ്റ് നിരക്ക്) | 189622/- |
| 152/18-19 | പുലിക്കുന്നേപ്പടി ചിറങ്ങരപ്പടി റോഡ് കോൺക്രീറ്റിങ്ങ് | പി.എ.മുജീബ് (എസ്റ്റിമേറ്റ് നിരക്ക്) | 174043/- |
| 147/18-19 | ഈട്ടിപ്പാറ വരമ്പുപാറ റോഡ് കോൺക്രീറ്റിങ്ങ് | പി.കെ.ഇബ്രാഹിം (എസ്റ്റിമേറ്റ് നിരക്ക്) | 145377/- |
| 145/18-19 | കുഴിക്കണ്ടം ഉരുത്തിപ്പാടം റോഡ് കോൺക്രീറ്റിങ്ങ് | പി.കെ.ഇബ്രാഹിം (എസ്റ്റിമേറ്റ് നിരക്ക്) | 164395/- |
| 149/18-19 | മാവുടി ചിറപ്പാട് അബ്ദുള്ളപടി റോഡ് കോൺക്രീറ്റിങ്ങ് | പി.കെ.ഇബ്രാഹിം (എസ്റ്റിമേറ്റ് നിരക്ക്) | 301500/- |
| 143/18-19 | മണിക്കിണർ അങ്കനവാടി ചീങ്കണ്ണിപ്പാറ റോഡ് കോൺക്രീറ്റിങ്ങ് | പി.കെ.ഇബ്രാഹിം (എസ്റ്റിമേറ്റ് നിരക്ക്) | 190857/- |

സി) സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് എടുത്തിട്ടില്ല

കോൺക്രീറ്റിങ്ങ് വേലകൾക്കായി സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് തിട്ടപ്പെടുത്താതെയാണ് തുക നൽകിയിട്ടുള്ളത്. കരാറുകാരന് നൽകിയ തുകയ്ക്കുള്ള അളവ് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കിയത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

ഡി) ജി.എസ്.ടി- ടി.ഡി.എസ്. ഈടാക്കിയില്ല.

2017 ലെ ജി.എസ്.റ്റി.നിയമം , വകുപ്പ് 51 പ്രകാരമുള്ള ടി.ഡി.എസ്. ഈടാക്കിയില്ല. ഒരേ സാധനങ്ങൾ തന്നെയാണ് കരാറുകാർ വിവിധ പ്രവൃത്തികൾക്കായി സപ്ലൈ ചെയ്തിട്ടുള്ളത്. ഓരോ പ്രവൃത്തിക്കും പ്രത്യേക കരാറുകൾ ഏർപ്പെട്ട് തുക നൽകിയിട്ടുള്ളതിനാൽ നിയമപ്രകാരം കുറവ് ചെയ്യേണ്ട ജി.എസ്.റ്റി. കുറവ് ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. കരാറുകാർക്ക് നൽകിയ ആകെ തുകയുടെയും ഈടാക്കേണ്ടിയിരുന്ന നികുതിയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| കരാറുകാരൻ | വിവിധ സപ്ലൈകൾക്കായി നൽകിയ ആകെ തുക | കുറവ് ചെയ്യേണ്ട ടി.ഡി.എസ് (2%) |
|---|---|---|
| പി.എ.മുജീബ് | 1026353/- | 20527/- |
| പി.കെ.ഇബ്രാഹിം | 802129/- | 16043/- |

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/ 25.02.2020) ലഭ്യമാക്കിയ മറുപടിയിൽ സാധനങ്ങൾ ഒന്നിച്ച് ചെയ്താൽ വെണ്ടർമാരെ ലഭിക്കാത്തതിനാലാണ് വെവ്വേറെ ടെണ്ടർ ചെയ്യുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മെറ്റീരിയൽ വർക്കിന് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത് രണ്ട് കരാറുകാരാണ്. വിവിധ വർക്കുകൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്യാൻ സാധിക്കുമെങ്കിൽ ഒറ്റ ടെണ്ടർ നടത്തിയാലും അവർ പങ്കെടുക്കേണ്ടതാണ്. വെണ്ടറെ ലഭിക്കില്ല എന്ന വാദം അംഗീകരിക്കത്തക്കതല്ല. അതുപോലെ സാധനങ്ങളുടെ സപ്ലൈയുടെ ഇൻവോയ്സ് പ്രത്യേകം ലഭ്യമല്ലെന്നും ഇനിമേൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ മെറ്റീരിയലിന്റെ അളവുകൾ മേലിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്താമെന്നും ജി.എസ്.റ്റി. ഈടാക്കേണ്ട പ്രവൃത്തികൾക്ക് ആയത് മേലിൽ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസരണമായി മാത്രം പ്രവൃത്തികൾ നിർവ്വഹണം നടത്തേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**2-1 .**

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 .**

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.2019 മുതൽ 15.06.2019 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(36)/2019 /02.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 36600 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 36600 | 0 |
| | | 382500 | നെൽക്കൃഷി ഇൻസെന്റീവ് | 382500 | 0 |
| | | 614275 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 614275 | 0 |
| | | 600000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 600000 | 0 |
| ആകെ | | 1633375 | | 1633375 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | | 575130 | ലൈഫ് ഭവനപദ്ധതി | 575130 | 0 |
| | | 175000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 175000 | 0 |
| | | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| | | 100000 | അങ്കണവാടി പോഷകാഹാര പരിപാടി | 100000 | 0 |
| | | 500000 | പൈമറ്റം സബ് സെന്റർ നിർമ്മാണം | 360091 | 139909 |
| ആകെ | | 1450130 | | 1310221 | 139909 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജല അതോറിറ്റി | വിവിധ ഗ്രാമീണ റോഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കലും അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ എടുക്കലും (എസ്. 0103/19) | 33/6.10.2018<br>61/7.2.2019 | 18100/-<br>9900/- | 0<br>0 | 18100/-<br>9900/-<br>28000/- |
| കെ.എസ്. ഇ.ബി | ഗ്രാമീണറോഡുകളിൽ തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (എസ്.0059/19) | 31/25.09.2018 | 50000/- | 0 | 50000/- |

മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് തുക ഉൾപ്പെടെ 6,96,600/- രൂപ ജല അതോറിറ്റിയിലും 2,50,000/- രൂപ വൈദ്യുതി ബോർഡിലും വിനിയോഗവിവരം ലഭ്യമാക്കാതെ നിലനിൽക്കുന്നുണ്ട് (ഷെഡ്യൂൾ ബി.18, എ.എഫ്.എസ്). ഇതിൽ തൻവർഷം നിക്ഷേപിച്ച 50000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം 20.05.2019 ൽ ലഭിച്ചിട്ടുണ്ട് (DB.11/PCCD / 19-20 / 19/ 20.5.2019).

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5720652/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാധ)530/2010/ ത.സ്വ.ഭ.വ./18.02.2010 | 6994500 | 1137014 | 699450 | - | 437564 |
| ലൈഫ് ഭവന പദ്ധതി | | 5720652 | 0 | 0 | 0 | 5720652 |

## 4-6 സ്ഥിര നിക്ഷേപം

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2014-15 | 2-1 | 2500 | ഡിപ്പോ മാനേജർ കേരള സിവിൽ സർവ്വീസ് കോർപ്പറേഷൻ | 118010100929/10.08.18 |
| ആകെ | | 2500 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50952876.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47490073.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 792336.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 184390/- | ശ്രീ.എം.എം.ഷംസുദ്ദീൻ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-20 | 151500/- | ശ്രീ.വൽസലൻ.എം.എ, ഹെഡ് മാസ്റ്റർ. ജി.യു.എൽ.പി.എസ്, പൈമറ്റം |
| 1-23 | 28000/- | ശ്രീ.എം.എം.ഷംസുദ്ദീൻ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-24 | 265900/- | ശ്രീ.എം.എം.ഷംസുദ്ദീൻ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-25 | 162546/- | ശ്രീ.എം.എം.ഷംസുദ്ദീൻ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| ആകെ | 792336/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.എം.ഷംസുദ്ദീൻ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | മണ്ണാന്തറ, കുവള്ളൂർ.പി.ഒ. |
| ഡോ.ആശിഷ് ബാലകൃഷ്ണൻ, മെഡിക്കൽ ഓഫീസർ. സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ. സി.എച്ച്.സി. പല്ലാരിമംഗലം | നടയിൽ കിഴക്കേതിൽ, നൂറനാട്, ആലപ്പുഴ |
| ശ്രീ.വൽസലൻ.എം.എ, ഹെഡ് മാസ്റ്റർ. ജി.യു.എൽ.പി.എസ്, പൈമറ്റം | ഹെഡ് മാസ്റ്റർ. ജി.യു.എൽ.പി.എസ്, പൈമറ്റം | മുടനാട് , പരീക്കണ്ണി.പി.ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി-1)25/01 തീയതി 26.09.2001 |
| 1997-98 | എൽ.എഫ്.ഇ.(പി-1)25/01 തീയതി 26.09.2001 |
| 1998-99 | എൽ.എഫ്.ഇ.(പി-1)1520/01തീയതി 04.05.2012 |
| 1999-2000 | എൽ.എഫ്.ഇ.(പി-1)1685 തീയതി 01.11.2012 |
| 2000-01 | എൽ.എഫ്.ഇ.(പി-1)18/05 തീയതി 24.01.2005 |
| 2001-02 | എൽ.എഫ്.ഇ.(പി-1)18/05 തീയതി 24.01.2005 |
| 2002-03 | എൽ.എഫ്.ഇ.(പി-1)207/09 തീയതി 30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി-1)208/09 തീയതി 30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി-1)209/09 തീയതി 30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി-7)234/12 തീയതി18.02.2012 |
| 2006-07 | എൽ.എഫ്.ഇ.(പി-7)233/12 തീയതി18.02.2012 |
| 2007-08 | എൽ.എഫ്.ഇ.(പി-7)232/12 തീയതി18.02.2012 |
| 2008-09 | എൽ.എഫ്.ഇ.(പി-7)231/12 തീയതി18.02.2012 |
| 2009-10 | എൽ.എഫ്.ഇ.(പി-7)283/11 തീയതി 29.12.2011 |
| 2010- 11 & 2011-12 | എൽ.എഫ്.ഇ.(പി-7)1949/13തീയതി22.11.2013 / |

| | |
|---|---|
| | 05.12.2013 |
| 2013-14 | എൽ.എഫ്.ഇ.(പി-7)615/2015 തീയതി 08.06.2015 / 16.07.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി .8) 1303/2016 തീയതി. 01.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി .14) 46/2017 തീയതി. 17.01.2017 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി .14) 2294/2017 തീയതി. 29.11.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി.14) 163/2019 തീയതി : 25.03.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം

## ന്യൂനതകളുടെ സംഗ്രഹം

1. ബാലൻസ് ഷീറ്റ് B.15 ഷെഡ്യൂളിൽ ലൈബ്രറി സെസ്സ് ഇനത്തിൽ ഉൾപ്പെടുത്തേണ്ടത് 11023/- രൂപയാണ്. എന്നാൽ ഉൾപ്പെടുത്തിയിട്ടുള്ളത് 2574/- രൂപയാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Pallarimangalam Grama Panchayat for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Pallarimangalam Grama Panchayat for the year 2018-19, subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Annexure

Abstract of Defects / Discripancies.

1. The amount to be shown under the head Library Cess in B.15 schedule is Rs.11023/-, but the amount booked is Rs.2574/-.

DEPUTY DIRECTOR